# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2050  05/10/2016 -ൽ മറുപടിയ്ക്ക്**

**ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എൽദോസ് കുന്നപ്പിള്ളി | | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ആറു മാസത്തേയ്ക്ക് ഹെൽപ്പർ/ സെയിൽസ്മാൻ തസ്തികകൾ സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ജീവനക്കാരെ നിയമിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | 300 ഹെൽപ്പർ/ സെയിൽസ്മാൻ തസ്തികകൾ ആറു മാസക്കാലത്തേയ്ക്ക് സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ടി തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുരുഷ ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇത്തരത്തിൽ നിയമനം നടത്തുന്നതിന് ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇപ്രകാരം സൂപ്പർ ന്യൂമററി തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് തുടർന്നുണ്ടാകുന്ന തസ്തികകളിൽ സ്ഥിരനിയമനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ? | (സി) | ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

നികുതി വകുപ്പ് - കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ 300 ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകൾ 6 മാസക്കാലത്തേയ്ക്ക് സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ടി തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുരുഷ ജീവനക്കാരെ 6 മാസക്കാലത്തേയ്ക്ക് (179 ദിവസം) നിയമിക്കുന്നതിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

നികുതി (എ) വകുപ്പ്

സ.ഉ.(കൈ)നം.82 /2016/നി.വ. തീയതി, തിരുവനന്തപുരം 20/08/2016

പരാമർശം: 1. 31/08/2006-ലെ ഒ.പി. നമ്പർ 21971/02, WP(C) No.25183/05, 7949/06, 27026/06 എന്നിവയിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം.
2. 11/07/2016-ലെ കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ കെ.എസ്.ബി.സി /എഫ്.എം./040/2016-17 നമ്പർ കത്ത്.

## ഉത്തരവ്

2001 കാലയളവിൽ 338 ചില്ലറവില്പന ശാലകളും 23 വെയർ ഹൗസുകളും പ്രവർത്തിപ്പിക്കുന്നതിലേയ്ക്കായി 3979 തസ്തികകൾ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ ആവശ്യപ്പെട്ടുവെങ്കിലും 1720 തസ്തികകൾ മാത്രമാണ് അനുവദിച്ചത് എന്നും, അതിൽ 492 തസ്തികകളിലേയ്ക്ക് ഇനിയും പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തേണ്ടതുണ്ട് എന്നും, സർക്കാരിന്റെ മദ്യനയപ്രകാരം ഫൈവ് സ്റ്റാർ ഹോട്ടലുകൾ ഒഴികെയുള്ള ബാർ ഹോട്ടലുകളിൽ വിദേശമദ്യവില്പന അവസാനിപ്പിച്ചതിനെതുടർന്ന് ബിവറേജസ് കോർപ്പറേഷന്റെ മദ്യ വില്പന 12% കൂടുകയും, ഉപഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയുമുണ്ടായിയെന്നും ദിനംപ്രതി 11 ലക്ഷം ഉപഭോക്താക്കൾക്ക് 12.68 ലക്ഷം മദ്യകുപ്പികളാണ് വിതരണം ചെയ്യുന്നത് എന്നും, മറ്റു വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം പരിമിതമാണ് എന്നും, ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ

(.................2)

ജോലിഭാരം ലഘൂകരിക്കുന്നതിന് ഇത് പര്യാപ്തമല്ലെന്നും ജീവനക്കാരുടെ ജോലി ഭാരം 2015-16 കാലയളവിൽ 49% വർദ്ധിച്ചിട്ടുണ്ട് എന്നും ആകയാൽ എല്ലാ ജില്ലകളിലുമായി 600 രൂപ ദിവസവേതനത്തിൽ 300 ജീവനക്കാരെ കെ.എസ്.ബി.സി-യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താല്ക്കാലികമായി നിയമിക്കുന്നതിന് അനുമതി നല്കണമെന്ന് കെ.എസ്.ബി.സി മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഇപ്രകാരം 300 പേരെ നിയമിക്കുന്നതിലൂടെ 5.82 കോടി രൂപ ഓരോ വർഷവും ചിലവാകുമെന്നും. ആദ്യഘട്ടത്തിൽ ഉടനടി 300 പേരെ നിയമിക്കാത്തപക്ഷം കോർപ്പറേഷന്റെ ദൈനംദിനപ്രവർത്തനങ്ങൾക്ക് കാര്യമായ ബുദ്ധിമുട്ട് ഉണ്ടാകുമെന്നും കൂടാതെ ഔട്ട് ലെറ്റുകളിൽ കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ ജീവനക്കാരുടെ സേവനം അനിവാര്യവുമാണന്നും ഇപ്രകാരം നിയമിക്കുന്ന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനാവശ്യമായ സാമ്പത്തിക സ്ഥിതി കോർപ്പറേഷന് ഉണ്ടെന്നും കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പരാമർശം (1) വിധിന്യായത്തിൽ, താൽക്കാലികമായോ അല്ലാതെയോ ജീവനക്കാരെ നിയമിക്കേണ്ടത് വളരെ അത്യാവശ്യമാണെങ്കിൽ ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തണമെന്നും, ടി ജീവനക്കാർക്ക് ടി സ്ഥാപനത്തിൽ റഗുലറൈസ് ചെയ്യുന്നതിന് യാതൊരു അവകാശവും ഉണ്ടായിരിക്കില്ല എന്നും, ഒരു കാരണവശാലും ടി ജീവനക്കാരുടെ നിയമനം 6 മാസത്തിൽ അധികം നീട്ടിനൽകാൻ പാടില്ല എന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

3) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ പരാമർശം (2)ലെ റിപ്പോർട്ട് പരിഗണിച്ച് താഴെപ്പറയുന്ന നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാർ അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

1. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ഒഴിവുള്ള സ്ഥിരം തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. മുഖേനയുള്ള നിയമനം ത്വരിതപ്പെടുത്തുക.

(..................3)

2. 300 ഹെൽപ്പർ/സെയിൽസ്മാൻ തസ്തികകൾ 6 മാസക്കാലത്തേയ്ക്ക് സൂപ്പർ ന്യൂമററിയായി സൃഷ്ടിച്ച് ടി തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പുരുഷ ജീവനക്കാരെ 6 മാസക്കാലത്തേയ്ക്ക് (179 ദിവസം) നിയമിക്കുക.

3. 6 മാസക്കാലയളവിനുള്ളിൽ ഇക്കാര്യം വിശദമായി പരിശോധിച്ച് സ്ഥിരം തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.മാര പാണ്ഡ്യൻ ഐ.എ.എസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി., തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (10/08/2016-ലെ പി.യു-സി2/134/2016/ധന)
5. വെബ് & ന്യൂമീഡിയ
6. പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം 205)
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി
8. നികുതി വകുപ്പ് ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: തൊഴിലും എക്സൈസും വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
നികുതി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്